(സി) ലൈൻ നിർമ്മാണത്തിനെതിരായുണ്ടായിരുന്ന പ്രാദേശിക എതിർപ്പുകൾ, ലൈൻ നിർമ്മാണവും മരം മുറിക്കലുമായി ബന്ധപ്പെട്ട് പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളുടെ അനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം മുതലായവയാണ് ലൈൻ നിർമ്മാണം വൈകുവാനുണ്ടായ കാരണങ്ങൾ. ഇതിൽ ജലവിഭവവകുപ്പിന്റെ അനുമതി ഇനിയും ലഭ്യമായിട്ടില്ല. കൂടാതെ സബ് സ്റ്റേഷന്റെ കൺട്രോൾ നിർമ്മാണത്തിനായി ലഭിച്ച ടെണ്ടറുകളിൽ തുക കൂടുതലായതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2015 ഡിസംബർ മാസത്തോടുകൂടി സബ്സ്റ്റേഷന്റെയും ലൈനിന്റെയും നിർമ്മാണം പൂർത്തിയാക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ 33 കെ.വി. സബ്സ്റ്റേഷൻ

78 (423) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33KV സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ ;

(ബി) ലക്കിടിയിൽ പുതിയ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ ; അതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഒറ്റപ്പാലത്ത് 110 KV സബ്സ്റ്റേഷൻ സ്ഥലത്ത് സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ ; പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക പഠനം നടത്തിവരുന്നു (ലോഡ് ഫ്ലോ സ്റ്റഡി).

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. ഒറ്റപ്പാലം, പത്തിരിപ്പാല എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ലക്കിടി-കൂട്ടുപാത സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ ലക്കിടി-കൂട്ടുപാതയിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒറ്റപ്പാലം 110 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള ഒരു കരടു പദ്ധതി നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ഇതുസംബന്ധിച്ച പൂർണ്ണവിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇതുസംബന്ധിച്ച അനന്തര നടപടികൾ കൈക്കൊള്ളാനാവുകയുള്ളൂ.

മങ്കടയിൽ 66 കെ.വി. സബ്സ്റ്റേഷൻ

79 (424) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കടയിൽ നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) 66 KV സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മങ്കട 66 കെ. വി. സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും ജോലികൾ 70% പൂർത്തിയായിട്ടുണ്ട്.

(ബി) 2015 ഒക്ടോബർ മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൊച്ചി മെട്രോ

80 (425) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ;

LIBRARY-ARCHIVES Kerala Legislative Assembly